"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മൈനിംഗ് & ജിയോളജി വകുപ്പ് - സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് - കോട്ടയം ജില്ലാ ഓഫീസിൽ നിന്നും ഫയൽ നഷ്ടപ്പെട്ടത് - അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.304/2024/ID തീയതി,തിരുവനന്തപുരം, 23-04-2024

---

| | |
|---|---|
| പരാമർശം | സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ 1.4.2024 തിയതിയിലെ 14740/SIC/G2/2023 നടപടിക്രമം |

**ഉത്തരവ്**

മൈനിംഗ് & ജിയോളജി കോട്ടയം ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ച 23.02.2017 തീയതിയിലെ 89/2016-17/399/001/01/2017 നമ്പർ പെർമിറ്റുമായി ബന്ധപ്പെട്ട് ശ്രീ. പ്രസാദ് റ്റി സെബാസ്റ്റ്യന്റെ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപ്പിൽ ഹർജിയിന്മേൽ സമയബന്ധിതമായി മറുപടി നൽകാൻ കഴിയാതെ പോയത് ഫയൽ അപ്രത്യക്ഷമായതിനാലാണെന്ന് വിവരാവകാശ കമ്മീഷന് ബോധ്യപ്പെട്ടതിനാൽ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ അപ്രത്യക്ഷമായത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ സർക്കാരിന് പരാമർശം പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വ്യവസായ(എ) വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി, ശ്രീ ബൈജുകുമാർ എസ്, വ്യവസായ(എ) വകുപ്പിലെ അസിസ്റ്റന്റായ ശ്രീ ഡൊമിനിക് .ഇ എന്നിവരടങ്ങിയ ഒരു ടീം രൂപീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത ടിം 24.04.2024-ൽ കോട്ടയം മൈനിങ് & ജിയോളജി ജില്ലാ ഓഫീസിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ജിയോളജിസ്റ്റുമാരായ ശ്രീമതി സംഗീത സതീഷ് , ശ്രീമതി മഞ്ജു സി.എസ് , പ്രസ്തുത ഫയൽ കൈകാര്യം ചെയ്തിരുന്ന മറ്റ് ഉദ്യോഗസ്ഥർ എന്നിവർ അന്നേ ദിവസം രാവിലെ 10.30 നു ജില്ലാ ഓഫീസിൽ ഹാജരാകേണ്ടതാണ്.

അന്വേഷണ ഉദ്യോഗസ്ഥർക്കുള്ള യാത്രാനുമതിയും ഇതിനാൽ നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

Date: 23-04-2024 12:34:53

സെക്ഷൻ ഓഫീസർ

വിവരാവകാശ കമ്മീഷണർ ,സംസ്ഥാന വിവരാവകാശ കമ്മീഷൻ

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ് , തിരുവനന്തപുരം

ശ്രീ ബൈജുകുമാർ എസ്,ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ (എ) വകുപ്പ്

ശ്രീ ഡൊമിനിക്. ഇ, അസിസ്റ്റന്റ്, വ്യവസായ (എ) വകുപ്പ്

സബ് ട്രഷറി ഓഫീസർ , സബ് ട്രഷറി, ഗവ. സെക്രട്ടേറിയറ്റ്

ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി